ശ്രീ. എൻ. കെ. ശേഷൻ
ശ്രീ. പി. എൽ. ചന്ദ്രസേനൻ
ശ്രീ. പി. പി. ജോർജ്
ശ്രീ. അലക്സാണ്ടർ പറമ്പിത്തറ
ശ്രീ. കെ. എം. ജോർജ്
ശ്രീ. ആർ. എസ്. ഉണ്ണി
ശ്രീ. ബി. വെല്ലിംഗ്ടൺ

Demonstrators in the Gallery

മി. സ്പീക്കർ:—ഇന്നു രാവിലെ നിയമസഭയുടെ ഗ്യാലറിയിൽ ഇരുന്നു് മുദ്രാവാക്യം വിളിച്ചുപറയുകയും, നിയമസഭയിലേക്കു് ലഘുലേഖകൾ വലിച്ചെറിയുകയും ചെയ്ത രണ്ടുപേരെയും, ബഹുമാനപ്പെട്ട നിയമസഭാ പാർട്ടി നേതാക്കന്മാർ ഉൾപ്പെട്ട കമ്മിറ്റി മുമ്പാകെ ഹാജരാക്കുകയും, എന്റെ മുറിയിൽവച്ചു് ചോദ്യംചെയ്തു അവരുടെ മൊഴി രേഖപ്പെടുത്തുകയുണ്ടായി. കരമന സ്വദേശികളായ ഒരു വനജാക്ഷനും, ജി. മോഹനൻ നായരുമാണു് പ്രകടനം നടത്തിയവർ. അവർ രണ്ടുപേരും ബിസിനസുകാരാണെന്നാണു് എഴുതിയിരിക്കുന്നതു്. പക്ഷേ അവർ പറഞ്ഞതു് ജനസംഘം പ്രവർത്തകരാണെന്നാണു്.

ഈ രണ്ടുപേരെയും കമ്മിറ്റി ചോദ്യം ചെയ്യുകയും, ഈ സഭാ നടപടികളെ അലങ്കോലപ്പെടുത്തുകയും, സഭയുടെ അന്തസ്സിനെ അവഹേളിക്കുകയും ചെയ്തതരീതിയിൽ അവർ കുറ്റം ചെയ്തിട്ടുള്ളതായി സമ്മതിക്കുകയും ചെയ്തിരിക്കുകയാണു്. അവരെ ചോദ്യം ചെയ്തതിൽ, തികഞ്ഞ പാർട്ടിപ്രവർത്തകരെന്ന നിലയിൽ പാർട്ടി വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ, ബോധപൂർവ്വം ഇതു തെറ്റു ചെയ്തതാണെന്നു് കമ്മിറ്റിയോടു പറയുകയുണ്ടായി. അതനുസരിച്ചു് കമ്മിറ്റി എടുത്ത തീരുമാനം 'വിപ്പായ' ശ്രീ. ടി കെ. കൃഷ്ണൻ അറിയിക്കുന്നതായിരിക്കും.

ഈ മാതിരിയുള്ള സംഭവങ്ങൾ ഈ സഭയിൽ ഇതിനുമുമ്പു് ഒന്നുരണ്ടു പ്രാവശ്യം ഉണ്ടായിട്ടുണ്ടു്. ഈ നിയമസഭയിൽ മുമ്പുണ്ടായിട്ടില്ലാത്ത ഈ പ്രവണത തുടർന്നു കാണുന്നതിനാൽ എനിക്കു ബഹുമാനപ്പെട്ട മെമ്പറന്മാരെ ഒരു കാര്യം പ്രത്യേകം അറിയിക്കാനുണ്ടു്. ശ്രീ. കെ. എസ്സു്. നായരാണു് ഇവർക്കു പാസ്സുകൊടുത്തതെന്നാണറിയാൻ കഴിഞ്ഞതു്. അങ്ങനെ പാസ്സുകൊടുക്കാൻ ഇടയായ സാഹചര്യത്തെപ്പറ്റി അദ്ദേഹം പറഞ്ഞതു്, എം എൽ. എ. ക്വാർട്ടേഴ്സിൽനിന്നു് ഇന്നു രാവിലെ ഇങ്ങോട്ടു പോരാൻ തുടങ്ങിയപ്പോൾ, ക്വാർട്ടേഴ്സിലെ ഒരു അറേൻജർ അദ്ദേഹത്തെ സമീപിക്കുകയും, രണ്ടു സുഹൃത്തുക്കൾക്കു രണ്ടു പാസ്സു കൊടുക്കണമെന്നു പറയുകയും, അതനുസരിച്ചു ഫാറത്തിൽ ഒപ്പിട്ടു കൊടുക്കുകയും ചെയ്തുവെന്നുമാണു്. അങ്ങനെ പാസ്സു വാങ്ങിയ അറേൻജരെ സംബന്ധിച്ചിടത്തോളം എന്തു നടപടിയാണു് എടുക്കേണ്ടതെന്നുള്ളതിനെപ്പറ്റി നിയമസഭയുടെ ആഫീസും ഞാനും പരശോധിച്ചുകൊണ്ടിരിക്കുകയാണു്. ആക്ഷൻ എടുക്കണമെന്നു കമ്മിറ്റിക്കു് അഭിപ്രായമുണ്ടു്, അതനുസരിച്ചുള്ള നടപടികളും സ്വീകരിക്കുന്നതായിരിക്കും.

ബഹുമാനപ്പെട്ട നിയമസഭാ സാമാജികന്മാർക്കു് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു കാര്യമാണിതു്. നാട്ടിൽനിന്നായാലും, മറ്റു തരത്തിൽ പരിചയമുള്ളവരായാലും പലരും നിയമസഭയിലേക്കു പ്രവേശനത്തിനുവേണ്ടി പാസ്സു വാങ്ങാൻ സമീപിക്കാറുണ്ടു്. എന്നിരുന്നാലും, അങ്ങനെ സമീപിക്കുന്നവർ ആരാണു്, അവർ നിയമസഭയിൽ പ്രവേശിച്ചാൽ, വളരെയധികം വിലപ്പെട്ട നിയമസഭയുടെ അന്തസ്സിനെ ബാധിക്കുന്ന രീതിയിലുള്ള പെരുമാറ്റങ്ങൾ അവരിൽ നിന്നുണ്ടാകാൻ സാധ്യത

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ത്തുണ്ടോ എന്നുകൂടി കൂടി ആലോചിച്ചതിനുശേഷം മാത്രമേ ഈ മാതിരി പാസ്സുകൊടുക്കാൻ പാടുള്ളു എന്നാണു് എനിക്കു വീണ്ടും ബഹുമാനപ്പെട്ട മെമ്പർമാരോടു് അഭ്യർത്ഥിക്കാനുള്ളതു്. ബഹുമാനപ്പെട്ട കെ. എസ്സു്. നായർ ലാഘവബുദ്ധിയോടുകൂടിയാണു് പാസ്സുകൊടുത്തതു് എന്നു പറയുന്നില്ല. അതുപോലെ മറ്റു പലർക്കും പാസ്സു കൊടുക്കേണ്ട അവസരം ഉണ്ടാകാം. ഞാൻതന്നെ മുമ്പു മെമ്പറായിരുന്ന കാലത്തും, ഇപ്പോഴും പാസ്സിനുവേണ്ടി ഒപ്പിട്ടു കൊടുക്കാറുണ്ടു്. ആരുടെയും ഉത്തമവിശ്വാസത്തെപ്പറ്റി, അടുത്ത സുഹൃത്തുക്കളെ സംബന്ധിച്ചാണെങ്കിൽപോലും കുറ്റം പറയാൻ സാധ്യമല്ല. എന്നാൽ ഇത്തരം സംഭവങ്ങൾക്കു അവസരം ഉണ്ടാകാതിരിക്കാൻ കൂടുതൽ കരുതലോടുകൂടി ബഹുമാനപ്പെട്ട മെമ്പറന്മാർ ഇരുന്നാൽ കൊള്ളാമെന്നാണു് ഉന്നതമായ ഈ സഭയുടെ അന്തസിനെക്കരുതി എനിക്കു അഭ്യർത്ഥിക്കാനുള്ളതു്.

പിന്നെ, നിയമസഭാ ഹാളിനകത്തു കയറിയും, നിയമസഭാ പരിസരങ്ങളിൽ വന്നും മുദ്രാവാക്യങ്ങളും മുഴക്കിയും, മറ്റു രീതിയിൽ പ്രകടനങ്ങളും നടത്തിയും സഭാനടപടികളും അലങ്കോലപ്പെടുത്തുന്നവർ ആരായിരുന്നാലും, അവർ ഉദ്ദേശിക്കുന്ന കാര്യങ്ങളും—അവശ്യകരം പരിഹരിക്കുമായാലും, മറ്റു എന്തു കാര്യസാധ്യത്തിനായാലും—കൂടുതൽ എളുപ്പത്തിൽ നടക്കുമെന്ന വിചാരം ആർക്കെങ്കിലും ഉണ്ടെങ്കിൽ തീർച്ചയായും അതേയറ്റം തെറ്റാണെന്നു തുറന്നുകാട്ടുകയും ആരായാലും അവർതന്നെ അറിയിക്കാൻകൂടി ഞാനാഗ്രഹിക്കുകയാണു്. ഇന്നു നമ്മുടെ നാട്ടിൽ വളരെയധികം പ്രശ്നങ്ങളുണ്ടു്. ഓരോ പ്രശ്നത്തിന്റെയും പേരിൽ സമരങ്ങളും സത്യാഗ്രഹങ്ങളും പ്രകടനങ്ങളും ഉണ്ടാകാറുണ്ടു്. അതിനെ അംബന്ധിച്ചൊന്നും നിയമസഭയ്ക്കു് അഭിപ്രായം പ്രകടിപ്പിക്കേണ്ട കാര്യമില്ല. പക്ഷേ, ജനാധിപത്യത്തിൽ ഏറ്റവും പ്രമുഖമായ ഈ ഉന്നതകേന്ദ്രത്തിൽവന്നു്, ഇങ്ങനെയൊരു മുദ്രാവാക്യങ്ങളും വിളിച്ചു പറയുകയും, സഭാനടപടികളും അലങ്കോലപ്പെടുത്തുകയും ചെയ്തു് പ്രശ്നങ്ങൾക്കു പരിഹാരം കാണാമെന്നാണു് വിചാരിക്കുന്നതെങ്കിൽ, തീർച്ചയായിട്ടും അവർ ഉദ്ദേശിക്കുന്നതിനു വിപരീതമായ തിരിച്ചടിയായിരിക്കും ഉണ്ടാവുക എന്നറിയിക്കാനാഗ്രഹിക്കുകയാണു്.

ഈ സന്ദർഭത്തിൽ വളരെ അഭിമാനത്തോടുകൂടി എനിക്കു പറയാൻ കഴിയുന്ന ഒരു കാര്യമുണ്ടു്. ഈ മാതിരി കാര്യങ്ങളെക്കുറിച്ചു്, ഈ നിയമസഭയിലെ എല്ലാ ബഹുമാനപ്പെട്ട പാർട്ടിനേതാക്കന്മാരും ഒരുമിച്ചുകൂടി ആലോചിക്കുമ്പോൾ എല്ലാവരും ഏകകണ്ഠമായി, ഏകസ്വരത്തിൽ ആവശ്യപ്പെട്ടതുതു് ഇത്തരം സംഭവങ്ങൾ ഇനി ആവർത്തിക്കാതിരിക്കാൻ സുധീരമായ നടപടികൾ സ്വീകരിക്കണമെന്നാണു്. ഇന്നു കൂടിയ കമ്മിറ്റിയിലും ഇതിനു മുമ്പും ഈ അഭിപ്രായം പ്രകടമായിട്ടുണ്ടു്.

മറ്റു നിയമസഭകളിൽ പലതും നടക്കുന്നുണ്ടായിരിക്കാം. പൊതുവെ ഇത്തരം ഒരു പ്രവണത പല നിയമസഭകളിലും കാണാറുണ്ടു്. കേരള നിയമസഭയുടെ ഉന്നതമായ അന്തസ്സു പുലർത്താൻ എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളുടെയും സഹകരണം എനിക്കുണ്ടെന്നറിയാം. അതിൽ ഞാൻ ധന്യനാണു്. അതുപോലെതന്നെ ഈ സഭയ്ക്കു പുറത്തും എല്ലാവരുടെയും സഹകരണം ഈ കാര്യത്തിൽ എനിക്കു കിട്ടുമെന്നു പ്രതീക്ഷിക്കുകയുമാണു്. പല പ്രശ്നങ്ങളുടെ പേരിലും സമരങ്ങളും സത്യാഗ്രഹങ്ങളും ഇവിടെ നടക്കുന്നുണ്ടു്. ഇത്രമാത്രമേ ഇതു സംബന്ധിച്ചു പറയാൻ ഞാൻ ആഗ്രഹിക്കുന്നുള്ളു.

കമ്മിറ്റി എടുത്തതായ തീരുമാനം ഒരു പ്രമേയരൂപത്തിൽ, ഐക്യമുന്നണി പാർട്ടി വിപ്പായ ശ്രീ. ടി. കെ. കൃഷ്ണൻ ഇവിടെ അവതരിപ്പിക്കുന്നതാണു്.

Shri T. K. Krishnan:—I move, this House resolves that the persons calling themselves Shri G. Mohanan and Shri V. Vanajakshan who shouted slogans and threw some pamphlets from tho Visitors' Gallery on to the Floor of the House at 8-15 a. m. today, the 5th August, 1969. and who were taken into custody immediately thereafter have committed a grave offence and are guilty of gross contempt of this House. This House further resolves that they be sentenced to two months' of Simple Imprisonment and be sent to the Central Prison Trivandrum.

സർ, ഈ പ്രമേയത്തിന്മേൽ ഈ സഭയുടെ ഏകകണ്ഠമായ പിൻതുണ ഉണ്ടാകുമെന്നു ഞാൻ പ്രത്യാശിക്കുന്നു. ഇത്തരം സംഭവങ്ങൾ ഒരിക്കലും ആവർത്തിക്കാൻ പാടില്ല. വളരെ ഗുരുതരമായ തെറ്റാണു്, ഒരു കുറ്റമാണു് ഇവർ ചെയ്തിട്ടുള്ളതു്. ഇതു ഒരു കുറ്റമാണെന്നുള്ള ബോധത്തോടുകൂടിയ ണു് അവർ ഇതു് ചെയ്തിട്ടുള്ളതിനാൽ കുറ്റത്തിന്റെ ഗൗരവം കൂടുതലാവുകയാണു്. ഈ പ്രവണതയെ നിരുത്സാഹപ്പെടുത്തേണ്ടതു് ഈ സഭയുടെ കൂടി കടമയാണു്. ഇത്തരം പ്രവണതയെ കർശനമായി തടയേണ്ടതത്യാവശ്യമാണു്. അതുകൊണ്ടു് ഇവർക്കു രണ്ടുമാസത്തെ വെറും തടവു വിധിക്കണമെന്നുള്ള ഈ പ്രമേയത്തെ എല്ലാവരും അനുകൂലിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. ടി. എ. മജീദ്:—ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

Shri K. M. George:—Sir, one of the accused was in the Speaker's Gallery, and from there he threw the pamphlets.

ശ്രീ ടി. കെ. കൃഷ്ണൻ:—വിസിറേഴ്സ് ഗ്യാലറി എന്നു പറഞ്ഞാൽ, സ്പീക്കേഴ്സ് ഗ്യാലറിയും ഉൾപ്പെടും, അതിൽ തെറ്റില്ല.

The resolution was put and adopted.

Mr. Speaker:—Order, order. The House will now adjourn to meet again tomorrow at 8 a. m.

The Assembly adjourned at 12-53 p. m. to meet again at 8 a. m. on Wednesday, the 6th August, 1969.

LIBRARY ARCHIVES Kerala Legislative Assembly